പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2225 08.12.2014-ൽ മറുപടിക്ക്

## യൂണിഫോം ധരിക്കാത്ത ചെക്കിംഗ് ഇൻസ്പക്ടർമാർക്കെതിരേ നടപടി

ചോദ്യം

ശ്രീ. എം. ഉമ്മർ : .

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ചെക്കിംഗ് ഇൻസ്പക്ടർമാർക്ക് യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇൻസ്പക്ടർമാർ നിശ്ചിത യൂണിഫോം ധരിച്ചുകൊണ്ടുമാത്രമേ ജോലി ചെയ്യാൻ പാടുള്ളു. എന്നാൽ ജനറൽ കൺട്രോളിംങ് ഇൻസ്പക്ടർ, സർപ്രൈസ് സ്ക്വാഡ് യൂണിറ്റിലെ ഇൻസ്പക്ടർമാർ എന്നിവർക്ക് ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ടോ; എത്ര തുകയാണ് നൽകുന്നത്; വിശദമാക്കാമോ; | (ബി) | നല്കുന്നുണ്ട്.<br>പുതുക്കിയ സേവനവേതനകരാർ പ്രകാരം നിലവിൽ പ്രതിവർഷം 1250/- രൂപയാണ് ഇൻസ്പക്ടർമാർക്ക് യൂണിഫോം അലവൻസായി നൽകിവരുന്നത്. |
| (സി) | 2014-15 സാമ്പത്തിക വർഷം യൂണിഫോം അലവൻസ് കൈപ്പറ്റുകയും എന്നാൽ യൂണിഫോം ധരിക്കാത്തതുമായ ഉദ്യോഗസ്ഥരെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2014-2015 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.യിൽ ഒരു ജീവനക്കാരനും യൂണിഫോം അലവൻസ് അനുവദിച്ചിട്ടില്ല. ആയതിനാൽ യൂണിഫോം ധരിക്കാത്ത ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ശേഖരണം നടത്തിയിട്ടില്ല. |
| (ഡി) | ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | യൂണിഫോം അലവൻസ് കൈപ്പറ്റുന്ന ജീവനക്കാർ നിർബന്ധമായും യൂണിഫോം ധരിച്ചാകണം ജോലിക്ക് ഹാജരാകേണ്ടതെന്നും അല്ലാത്തവരെ ജോലിയിൽ നിന്ന് മാറ്റി നിർത്തണമെന്നുമുള്ള കർശ നിർദ്ദേശം എല്ലാ യൂണിറ്റധികാരികൾക്കും നൽകുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ